6. ദുർബല ജനവിഭാഗങ്ങൾക്കുവേണ്ടിയുള്ള പാർപ്പിട നിർമ്മാണം

ശ്രീ. വി. സുരേന്ദ്രൻപിള്ള: നമ്മുടെ സംസ്ഥാനത്ത് ദുർബ്ബല ജനവിഭാഗങ്ങൾക്കു വേണ്ടിയുള്ള ഭവന നിർമ്മാണപദ്ധതി ഇപ്പോൾ വിവിധ ഏജൻസികൾ ആണ് ഏറ്റെടുത്തു നടത്തിക്കൊണ്ടിരിക്കുന്നത്. ഒന്ന് വികസന വകുപ്പു നേരിട്ട് നടത്തുന്നു, രണ്ട്, ഭവനനിർമ്മാണ വകുപ്പു നേരിട്ട് നടത്തുന്നു, അങ്ങനെ പല ഏജൻസികളുടെ സഹായത്തോടുകൂടി പല പല വകുപ്പുകളിലൂടെ ഈ പദ്ധതി വളരെ പുരോഗമനപ്രദമായ രീതിയിൽ നടത്തുന്നുവെങ്കിലും ഇപ്പോഴും 'കോരന് കുമ്പിളിൽ തന്നെ കഞ്ഞി' എന്ന സ്ഥിതിയാണുള്ളത്. ഇതിന്റെ നിർമ്മാണ പ്രവർത്തനരംഗത്ത് അടിമുതൽ മുടിവരെ ഒരു മ്ലാനത നടക്കുന്നു. ദീർഘവീക്ഷണമില്ലാത്ത ചില ഉദ്യോഗസ്ഥന്മാരുടെ പ്രവർത്തനം മൂലം ഈ പദ്ധതികൾക്ക് തടസ്സം നേരിട്ട് കൊണ്ടിരിക്കുന്നതായി തോന്നുന്നു. ഉദാഹരണത്തിന് പ്രളയക്കെടുതികൾമൂലം വീട് നഷ്ടപ്പെട്ട ഒരാളിന് അതേ സ്ഥലത്ത് തന്നെ പുതിയ വീട് വച്ചുകൊടുത്താൽ അടുത്ത മഴയ്ക്ക് അത് അവിടെനിന്ന് ഒലിച്ചുപോകുമെന്നുള്ള കാര്യത്തിൽ യാതൊരു തർക്കവുമില്ല. അതുപോലെ ഒരു വീട് വച്ചുകൊടുത്താൽ ആ വീടിന് ആവശ്യമായ കക്കൂസോ, കുളിമുറിയോ അല്ലെങ്കിൽ അതിനു വേണ്ടുന്ന കിച്ചനോ ഇങ്ങനെയുള്ള സംവിധാനം ഒന്നുമില്ല. ദീർഘവീക്ഷണമില്ലാതെ വീടുകൾ വയ്ക്കുന്നതും ഇതിന് ഒരു കാരണമാണ്. അതുപോലെതന്നെ മുഴുവൻ ചെറ്റക്കുടിലുകളും മാറ്റി അവിടെയൊക്കെ സ്ഥിരമായ വീടുകൾ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. ഒരു ചെറിയ വീട് ഒരു മനുഷ്യന്റെ ഏറ്റവും വലിയ സ്വപ്നങ്ങളിൽ ഒന്നാണ്, സ്വന്തമായി ഒരു വിട്-നല്ല വീട് എന്ന സ്വപ്നം സാക്ഷാത്ക്കരിക്കുന്നതിനു തീർച്ചയായും ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽത്തന്നെ ധൃതഗതിയിലുള്ള നടപടികൾ നടത്തണം. എന്റെ നിയോജകമണ്ഡലത്തിൽത്തന്നെ രണ്ടായിരം ചെറ്റക്കുടിലുകൾ ഉണ്ട്. അത് മുഴുവൻ മാറ്റി അവർക്ക് സ്ഥരിമായ വീടുകൾ വയ്ക്കുന്നതിനു വേണ്ട നടപടികൾ എടുക്കുന്നതിന് ഞാനും അപേക്ഷിച്ചിട്ടുണ്ട്. അതിനുകൂടി അനുമതി തരണമെന്നു ഞാൻ ഈയവസരത്തിൽ ആവശ്യപ്പെടുകയാണ്.

റവന്യൂവകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, ദുർബ്ബല വിഭാഗങ്ങൾക്കു വേണ്ടിയുള്ള പാർപ്പിട നിർമ്മാണം ഇന്ന് വൻതോതിൽ നടക്കുന്നുണ്ട്. ഈ പരിപാടിയുടെ ചില അപാകതകളെപ്പറ്റി ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഒരു വീട് ഉണ്ടാക്കുമ്പോൾ, പ്രത്യേകിച്ച് ഇതുപോലെയുള്ള ചെറിയ വീടുകൾ നിർമ്മിക്കുമ്പോൾ അവിടുത്തെ ശുചീകരണത്തിന്റെ പ്രശ്നം ഉണ്ട്. അത് പ്രധാനപ്പെട്ടതാണ് എന്ന് ഗവൺമെന്റ് മനസ്സിലാക്കുന്നുണ്ട്. ഇനി തീർക്കുന്ന വീടുകൾക്ക് നിർബ്ബന്ധ

LIBRARY ARCHIVES Kerala Legislative Assembly

മായും കക്കൂസ് വേണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. സ്മോക്ക്ലെസ്സ് ചൂള ഉണ്ടാകണം. വെള്ളപ്പൊക്കത്തിന്റെ കെടുതികളെ തുടർന്ന് കേടുവന്നിട്ടുള്ള വീടുകളുടെ പുനർനിർമ്മാണം നടത്തുമ്പോൾ അവിടെ ഈ സൗകര്യം കൂടി കൊടുക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഒരു വീട് പോയാൽ അവിടെത്തന്നെ പിന്നെയും വീടു വച്ചാൽ സ്ഥിരമായി അത് വെള്ളപ്പൊക്കത്തിന് വിധേയമാകുന്ന സ്ഥലമാണെങ്കിൽ ഇതുകൊണ്ട് പ്രയോജനമില്ലെന്നുള്ള സ്ഥിതി കണക്കിലെടുത്തുകൊണ്ട് ഇങ്ങനെയുള്ള സ്ഥലങ്ങളിൽ നിന്ന് ഇവരെ മാറ്റി പാർപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. അതിനുവേണ്ടി പുതുതായി സ്ഥലം ഏറ്റെടുത്ത് വീടുവയ്ക്കുന്നതിന് നടപടികൾ തയ്യാറാക്കിയിട്ടുണ്ട്. പുനരധിവാസ പദ്ധതിയെന്ന നിലയിൽ ഇതുപോലെ സ്ഥലം ഏറ്റെടുത്ത് അവിടെ വീട് വച്ച് കൊടുക്കാനാണ് പരിപാടി. ചെറ്റക്കുടിലുകൾ മാറ്റി വേറെ വീടുകൾ വയ്ക്കണം. ഒരു വർഷം രണ്ടുലക്ഷം വീടുകൾ തീർക്കണമെന്നാണ് ഗവൺമെന്റ് കണക്കാക്കിയിരിക്കുന്നത്. ഈ വർഷം ഒരു ലക്ഷം വീടുകൾ തീർക്കാൻ കഴിയും. ഇന്ന് പരിപാടി ഇട്ടിരിക്കുന്ന കാര്യങ്ങൾ നടപ്പിലാക്കുകയാണെങ്കിൽ വിവിധ ഏജൻസികളുടെ സഹായത്തോടുകൂടി ഒരു വർഷം രണ്ടു ലക്ഷം ഭവനങ്ങൾ ഉണ്ടാക്കണമെന്നാണ് ഉദ്ദേശിക്കുന്നത്. സംസ്ഥാനത്തെ മുഴുവൻ ചെറ്റക്കുടിലുകളും മാറ്റി പണിയും. പ്രത്യേകിച്ച് പുനലൂരിലെ പ്രശ്നം അദ്ദേഹം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. സന്നദ്ധ സംഘടനകളുടെ സഹകരണത്തോടുകൂടി ബഹുമാനപ്പെട്ട മെമ്പർ കൂടി മുന്നിൽ നിന്ന് പ്രവർത്തിക്കുകയാണെങ്കിൽ കുറഞ്ഞ നാളുകൾക്കുള്ളിൽ ഈ വീടുകളിൽനിന്ന് അവരെ മാറ്റി താമസിപ്പിക്കാൻ കഴിയും.

V. മേശപ്പുറത്തുവച്ച കടലാസുകൾ

Chief Minister **(Shri. K. Karunakaran)**: Sir, I lay on the table the following:—

(1) G.O. (P) No. 215/85/GAD dated 12th June 1985 (SRO No. 859/85)

(2) G.O. (P) No. 216/85/GAD dated 13th June 1985 (S.R.O. No. 951/85).

VI. റിപ്പോർട്ട് സമർപ്പണം

അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ 22-ാമത് റിപ്പോർട്ട്

ശ്രീ. എം. എം. ഹസ്സൻ: സർ, അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ 22-ാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly